## ഖാദി ഗ്രാമവ്യവസായ പദ്ധതികൾ

191 (558) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ വകുപ്പ് പുതിയ സംരംഭകർക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) യുവസംരംഭകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) പുതിയ സംരംഭകർക്കായി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP)', 'സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവാ എന്റെ ഗ്രാമം പദ്ധതിയും' നടപ്പിലാക്കി വരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി :</u>

1. ഉൽപ്പന്ന നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെയും സേവനം പ്രദാനം ചെയ്യുന്നവയ്ക്ക് 10 ലക്ഷം രൂപ വരെയുമുള്ള പദ്ധതികൾ പുതിയ സംരംഭകർക്ക് ഏറ്റെടുക്കാവുന്നതാണ്.
2. പൊതുവിഭാഗത്തിൽ മൊത്തം പദ്ധതിച്ചെലവിന്റെ 90 ശതാമനവും പ്രത്യേക വിഭാഗത്തിൽ മൊത്തം പദ്ധതിച്ചെലവിന്റെ 95 ശതമാനവും ബാങ്കുകൾ വായ്പയായി അനുവദിക്കുന്നതാണ്.
3. പൊതുവിഭാഗത്തിന് മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനവും പ്രത്യേകവിഭാഗത്തിന് (പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക/വനിതകൾ/ വിമുക്തഭടന്മാർ/ വികലാംഗർ മുതലായവ) 35 ശതമാനവും മാർജിൻ മണിയായി അനുവദിക്കും.

<u>എന്റെ ഗ്രാമം പദ്ധതി</u>

1. ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ബാങ്ക് വായ്പയുടെ 25 ശതമാനം മുതൽ 40 ശതമാനം വരെ മാർജിൻ മണി ലഭ്യമാക്കുന്ന പദ്ധതിയാണ് 'എന്റെ ഗ്രാമം പ്രത്യേക തൊഴിൽദാന പദ്ധതി'.
2. പദ്ധതിയിൽ അപേക്ഷിക്കാവുന്ന പ്രോജക്ടിന്റെ പരമാവധി പദ്ധതിച്ചെലവ് 5,00,000 (അഞ്ചുലക്ഷം) രൂപയാണ്. മൂലധനച്ചെലവിന്റെ (കെട്ടിടം, യന്ത്ര സാമഗ്രികൾ) ഓരോ ഒരു ലക്ഷം രൂപയ്ക്കും കുറഞ്ഞത് ഒരാൾക്ക് തൊഴിൽ ലഭ്യമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

3. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനം മാർജിൻ മണിയായി ലഭിക്കുന്നതാണ്. പിന്നോക്ക വിഭാഗക്കാർക്കും സ്ത്രീകൾക്കും പ്രോജക്ട് കോസ്റ്റിന്റെ 30 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 40 ശതമാനം മാർജിൻ മണിയും ലഭിക്കുന്നതാണ്.

(ബി) 'പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)'-യുടെയും 'സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവ എന്റെ ഗ്രാമം പദ്ധതി'യുടെയും മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ വിശദാംശം

192(559) <u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> :
<u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഖാദിഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി എന്ത് തുക അനുവദിച്ചു നൽകിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലേക്ക് കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നും എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; വിനിയോഗം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ 399 ഖാദി യൂണിറ്റുകളും (ഖാദി സഹകരണ സംഘങ്ങളും ധർമ്മ സ്ഥാപനങ്ങളും ഉൾപ്പെടെ) 11232 ഗ്രാമവ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

(ബി) 2982.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly